**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** | **12-09-2023 - ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് പച്ചക്കറികൾക്ക് അമിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഓണക്കാലത്ത് പച്ചക്കറികൾക്ക് അമിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനായും ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ പച്ചക്കറികൾക്ക് പ്രാധാന്യം നല്കി കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്. പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പാരമ്പര്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഓണക്കാലയളവിൽ പച്ചക്കറിയിൽ പരമാവധി ഉല്പാദനം ലക്ഷ്യമാക്കി "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കി വരുന്നു. 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി".<br><br>അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി നമ്മുടെ വീട്ടുവളപ്പിൽ നിന്നു തന്നെ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.<br><br>"ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾ വഴി സൗജന്യമായി അത്യുല്പാദന ശേഷിയുള്ളസങ്കരയിനം പച്ചക്കറി വിത്ത്, തൈകളും കൂടാതെ വിവിധങ്ങളായ പച്ചക്കറി വിത്തുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ കുടുംബശ്രീകൾ, ഉദ്യോസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>ഓണവിപണിയിൽ പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിനായി 2000 ഓണചന്തകൾ കൃഷിഭവനുകളുടെയും ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ യുടെയും നിയന്ത്രണത്തിൽ നടപ്പിലാക്കി. കർഷകരിൽ നിന്ന് 10% അധികവില നല്കി സംഭിരച്ച നാടൻ പച്ചക്കറികൾ വിപണി വിലയേക്കാൾ 30% കുറച്ചാണ് ഉപഭോക്താക്കൾക്ക് ഓണചന്തയിലൂടെ ലഭ്യമാക്കിയത്. ഉത്തമകൃഷി രീതിയിൽ ഉല്പാദിപ്പിച്ച പച്ചക്കറികൾക്ക് യഥാക്രമം കർഷകർക്ക് 20% അധിക വില നല്കുകയും വിപണി വിലയെക്കാൾ 10% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്കും ലഭ്യമാക്കി. |
| (ബി) | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഓണത്തിന് ഒരു മുറം പച്ചക്കറി ” പദ്ധതിയുടെ ഭാഗമായി വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി വിതരണം ചെയ്യുന്നു. ആയതിനായി 500 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ കൃഷിക്കാർക്ക് വിതരണം പൂർത്തീകരിച്ച് വരുന്നു. ഇതിനായി 271.5 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. ഇതു കൂടാതെ 15/-രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉല്പാദിപ്പിച്ച് "ഓണത്തിന് ഒരു മുറം പച്ചക്കറി” പദ്ധതിയുടെ ഭാഗമായി വിതരണം നടത്തി വരുന്നു. ആയതിലേയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.<br><br>2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും 3/- രൂപ വിലവരുന്ന അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. വിത്ത് വിതരണത്തിനായി 500 ലക്ഷം രൂപയും തൈകളും വിതരണത്തിനായി 350 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ പ്രമുഖ മാധ്യമങ്ങളുടെ കാർഷിക-കാർഷികേതര മാസികകളിലൂടെയും 5 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ഓണം ലക്ഷ്യമിട്ടുകൊണ്ട് വിതരണം നടത്തി വരുന്നു. ഇതിനായി 25ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.<br><br>പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ബംഗലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), കാർഷിക സർവ്വകലാശാലകൾ, ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), കേരള കാർഷിക സർവ്വകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ എന്നിവ മുഖേന വിത്തുകളും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), കേരള കാർഷിക സർവ്വകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക്-പഞ്ചായത്ത് തല നഴ്സറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേന തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ